# പത്രക്കുറിപ്പ്

## രാഷ്ട്രീയ പാർട്ടികളുടെ തെരഞ്ഞെടുപ്പ് പരസ്യങ്ങൾ സൂക്ഷ്മ പരിശോധനയ്ക്ക് സമിതികൾ

തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വിവിധ രാഷ്ട്രീയ പാർട്ടികൾ അച്ചടി മാദ്ധ്യമങ്ങളിലൂടെയും, ദൃശ്യ / ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെയും പ്രചരണത്തിനായി തയ്യാറാക്കുന്ന പരസ്യങ്ങൾ അംഗീകൃതമാനദണ്ഡങ്ങൾക്കും, തെരഞ്ഞെടുപ്പ് ചട്ടങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നതിനായി അവ പരിശോധിച്ച് അനുമതി നൽകുകയോ, നിരസിക്കുകയോ, ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യുന്നതിന് ജോയിന്റ് ചീഫ് ഇലക്ടറൽ ഓഫീസർ അദ്ധ്യക്ഷനും, തിരുവനന്തപുരം ജില്ലാ കളക്ടർ, ആകാശവാണി ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത കമ്മിറ്റിയുടെ തീരുമാനങ്ങൾക്കുമേൽ അപ്പീൽ സമർപ്പിക്കുന്നതിന് ചീഫ് ഇലക്ടറൽ ഓഫീസറുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിലെ കേന്ദ്ര നിരീക്ഷകൻ, ദൂരദർശൻ ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

പരസ്യങ്ങളുടെ രണ്ട് പകർപ്പുകൾ നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷയോടൊപ്പം ഏപ്രിൽ 10-ാം തീയതിവരെ എല്ലാ ദിവസവും (അവധി ദിവസങ്ങൾ ഉൾപ്പെടെ) ഓഫീസ് സമയത്ത് ചീഫ് ഇലക്ടറൽ ഓഫീസറുടെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്.

**ചീഫ് ഇലക്ടറൽ ഓഫീസർ**

തിരുവനന്തപുരം
27...03...09